"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - 31-ാമത് എ ബാച്ച് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ (ട്രെയിനി) പാസ്സിംഗ് ഔട്ട് പരേഡിന് ചെലവായ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2263/2025/HOME തീയതി,തിരുവനന്തപുരം, 04-07-2025

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 07.12.2024, 20.02.2025 തീയതികളിലെ സി6-198311/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

2) 10.02.2025 ലെ ജി.ഒ. (പി) നം.14/2025/ഫിൻ.

ഉത്തരവ്

കേരള പോലീസ് അക്കാദമി പരേഡ് ഗ്രൗണ്ടിൽ വച്ച് ഡിസംബർ 14ന് നടന്ന 31-ാമത് എ ബാച്ച് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ (ട്രെയിനി) പാസിംഗ് ഔട്ട് പരേഡിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്ത വകയിൽ 3,46,025/ - രൂപ ചെലവായിട്ടുണ്ടെന്നും പ്രസ്തുത തുക 2055-00-003-98-00-34-OC-3-Other Items എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കേരള പോലീസ് അക്കാദമി പരേഡ് ഗ്രൗണ്ടിൽ വച്ച് ഡിസംബർ 14ന് നടന്ന 31-ാമത് എ ബാച്ച് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ (ട്രെയിനി) പാസിംഗ് ഔട്ട് പരേഡിന് ചെലവായ 3,46,025/- രൂപ (മൂന്ന് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2055-00-003-98-00-34-OC-3-NV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും, ഭാവിയിൽ ഇത്തരം ചെലവുകൾ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന പോലീസ് മേധാവിക്ക് അനുവദിച്ചിട്ടുള്ള സാമ്പത്തികാധികാര പരിധിക്കുള്ളിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയ്ക്ക് വിധേയമായും, ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (19.06.2025 ലെ വ്യയം-എ3/274/2025-ധന (3161003) പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya R S
Date: 05-07-2025 11:31:14

സെക്ഷൻ ഓഫീസർ